# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.635** — **29.06.2011-ൽ മറുപടിക്ക്**

**'സംസ്ഥാന റോഡ് സുരക്ഷ അതോറിറ്റി ഫണ്ട്'**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എൻ. എ. നെല്ലിക്കുന്ന്: | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് റോഡ് സുരക്ഷ അതോറിറ്റിയുടെ ഫണ്ടിൽ നിലവിൽ എത്ര രൂപയുണ്ട്; | (എ) | റോഡ് സുരക്ഷ അതോറിറ്റിയുടെ ഫണ്ടിൽ നിലവിൽ 11,56,75,791/- (പതിനൊന്ന് കോടി അൻപത്തി ആറ് ലക്ഷത്തി എഴുപത്തി അയ്യായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) രൂപയുണ്ട്. |
| (ബി) | ഇതിൽ കാസർഗോഡ് ജില്ലയിൽ നിന്നും ഇതുവരെ എത്രരൂപ പിരിച്ചെടുത്തിട്ടുണ്ട്; | (ബി) | പോലീസ് ഡിപ്പാർട്ടുമെന്റും, മോട്ടോർ വാഹന വകുപ്പും ശേഖരിക്കുന്ന കോമ്പൗണ്ടിംഗ് ഫീസിന്റെ 50 ശതമാനവും, മോട്ടോർ വാഹന വകുപ്പ് ശേഖരിക്കുന്ന സെസ്സുമാണ് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ട്. പ്രസ്തുത ഫണ്ട് സർക്കാരിന്റെ പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ടിൽ സംസ്ഥാനത്തിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലാണ് നിക്ഷേപിക്കുന്നത്. ഓരോ ജില്ലയുടെയും വിഹിതമായിട്ടല്ല അതോറിറ്റിക്ക് ഫണ്ട് ലഭിക്കുന്നത്. |
| (സി) | ജില്ലയിൽ ഇതിനകം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്? | (സി) | കാസർഗോഡ് ജില്ല റോഡ് സുരക്ഷാ കൗൺസിലിന് 26,15,000/- (ഇരുപത്തിയാറ് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) രൂപ റോഡ് സുരക്ഷ പദ്ധതികൾക്കായി കേരള റോഡ് സുരക്ഷാ അതോറിറ്റി നാളിതുവരെ അനുവദിച്ചിട്ടുണ്ട്. 10 ലക്ഷം രൂപകൂടി 2011-2012 സാമ്പത്തിക വർഷത്തെ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾക്കുള്ള അലോട്ട്മെന്റായി അനുവദിക്കുവാനും കേരള റോഡ് സുരക്ഷാ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.